## കത്തുകൾ

# കേരള പി.എസ്.സി സയണിസ്റ്റ് പ്രചാരകരോ?

**"ദുർവിധികളോടും** നൂറ്റാണ്ടുകൾ നീണ്ട പ്രവാസ ദുരിതങ്ങളോടും പടവെട്ടി കൊടിയ പീഡനങ്ങളെ അതിജീവിച്ച് ഒടുവിൽ സ്വന്തം രാഷ്ട്രം സ്ഥാപിച്ചെടുത്ത ജൂതജനതയുടെ അസാധാരണകഥ"

"ഫലസ്ത്വീൻ തീവ്രവാദവും അറബ് ശത്രുതയും ഇസ്രയേലിന്റെ ഉറക്കം കെടുത്തിക്കൊണ്ടിരുന്നു. സൈനിക ബലവും ഇഛാശക്തിയും കൊണ്ടുമാത്രം അതിജീവിക്കുന്ന ഇസ്രയേൽ ആധുനിക ചരിത്രത്തിലെ അത്ഭുതങ്ങളിലൊന്നാണ്."

ഇത് ഏതെങ്കിലും സയണിസ്റ്റ് പ്രസിദ്ധീകരണത്തിലെ ഉദ്ധരണികളല്ല! 1992 വരെ ഇന്ത്യാ രാജ്യം അസ്തിത്വം പോലും അംഗീകരിക്കാതിരുന്ന ഇസ്രയേൽ എന്ന സമ്പൂർണ അധിനിവേശ രാഷ്ട്രത്തെക്കുറിച്ച് കേരളത്തിലെ ലക്ഷക്കണക്കായ ചെറുപ്പക്കാർ ആധികാരികമായി കരുതുന്ന പി.എസ്.സി ബുള്ളറ്റിന്റെ അഭിപ്രായങ്ങളാണ്. പി.എസ്.സിയുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന്റെ 2009 ജൂലൈ 15-ലെ ലക്കത്തിൽ 'രാഷ്ട്രവും ജനതയും' എന്ന പംക്തിയിൽ 'ഇസ്രയേൽ തീയിൽ കുരുത്ത രാഷ്ട്രം' എന്ന ലേഖനത്തിലൂടെ സന്തോഷ് എ.ജെയാണ് ഇസ്രയേലിനെ വെള്ളപൂശുന്ന സമീപനം ഉദ്യോഗാർഥികളിൽ കുത്തിവെക്കാൻ ശ്രമിക്കുന്നത്.

തിയോഡർ ഹെർട്സലിന്റെ സയണിസ്റ്റ് പ്രസ്ഥാനത്തെ ന്യായീകരിക്കുകയും ഹോളോകാസ്റ്റിന്റെ മറ പിടിച്ച് ഫലസ്ത്വീൻ ജനതയെ ആട്ടിയിറക്കി സ്ഥാപിക്കപ്പെട്ട ഇസ്രയേലിന്റെ യഥാർഥ ചരിത്രം മറച്ചുപിടിക്കാൻ ബോധപൂർവമായ ശ്രമം നടത്തുകയുമാണ് ലേഖകൻ ഇതിൽ ആദ്യന്തം ചെയ്യുന്നത്. ഇതിനായി സയണിസ്റ്റുകൾ പ്രചരിപ്പിക്കുന്ന മിത്തുകളെ ആധികാരികമെന്ന വ്യാജേന ലേഖകൻ അവതരിപ്പിക്കുന്നുണ്ട്. മഹാത്മാ ഗാന്ധി പിന്തുണച്ച ഫലസ്ത്വീൻ പോരാട്ടം ലേഖകന്റെ കണ്ണിൽ തീവ്രവാദമാണ്. ഫലസ്ത്വീനിലെ ജനങ്ങൾ ബാലറ്റിലൂടെ അധികാരത്തിലേറ്റിയ ഹമാസാകട്ടെ ഭീകര സംഘവും. 1972ൽ ഒമ്പത് ഇസ്രയേലികളും അഞ്ച് ഫലസ്ത്വീൻ പി.എൽ.ഒ പ്രവർത്തകരും കൊല്ലപ്പെട്ട ദുരൂഹമായ മ്യൂണിക് സംഭവം ലേഖകന്റെ കണ്ണിൽ ആധുനിക ലോകത്തെ ഏറ്റവും വലിയ ദുരന്തമാണ്. എന്നാൽ ആയിരങ്ങൾ മരിച്ചുവീണ ശബ്റ-ശതീല കൂട്ടക്കൊലയടക്കം ഇസ്രയേൽ നടത്തിയ നൂറുകണക്കിന് നരമേധങ്ങളിൽ കൊല്ലപ്പെട്ട മനുഷ്യരുടെ കാര്യം ലേഖകൻ അറിഞ്ഞിട്ടില്ല.

ഇനിയും ആധികാരികമായി തെളിയിക്കപ്പെടാത്ത വികീർണ പ്രവാസത്തിന്റെ (ഡയസ്പൊറ) ഡി.എൻ.എ തെളിവ് ഉദ്ധരിക്കുന്ന ലേഖകൻ ജനിച്ച മണ്ണിൽ അഭയാർഥികളായി കഴിയേണ്ടിവന്ന ഫലസ്ത്വീനികളുടെ ദുരന്തം അറിഞ്ഞിട്ടില്ല. ഇനിയും അതിർത്തി നിർണയിക്കപ്പെടാതെ സിറിയയിലേക്കും മറ്റു സമീപ രാജ്യങ്ങളിലേക്കും കടന്നുകയറുന്ന ഇസ്രയേൽ അതിക്രമങ്ങളെപ്പറ്റി മൗനം പാലിക്കുന്ന ലേഖകൻ സ്വാതന്ത്ര്യത്തിനും ജന്മാവകാശത്തിനും പടപൊരുതുന്ന ഫലസ്ത്വീനികളെ കാട്ടാളന്മാരായി ചിത്രീകരിക്കുക വഴി, പി.എസ്.സിയെ ഉപയോഗിച്ച് സയണിസ്റ്റ് പാദസേവകനായി അവതരിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ പരമ്പരാഗത നിലപാടുകളെയാണ് പി.എസ്.സി തങ്ങളുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിലെ ലേഖനത്തിലൂടെ തള്ളിപ്പറഞ്ഞിരിക്കുന്നത്. കടുത്ത ഇസ്രയേൽ പക്ഷപാതിയായ ശശി തരൂർ പോലും തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ തന്റെ നിലപാട് വിഴുങ്ങിയ നാട്ടിലാണ് കേരള പി.എസ്.സി സയണിസത്തിന്റെ പ്രചാരകരാവുന്നത്.

**കെ. സജീദ് അലയമൺ അഞ്ചൽ**
sajeedcl@gmail.com




## സംഘടനകൾക്ക് ലക്ഷ്യബോധം നഷ്ടപ്പെടുമ്പോൾ

**'ഇസ്‌ലാം** സമഭാവനയുടെ ദർശനം' എന്ന (അഭിമുഖം: എം.ഡി നാലപ്പാട്ട്/സദ്റുദ്ദീൻ വാഴക്കാട്, ലക്കം 3) കവർസ്റ്റോറി വായനക്കാരുടെ മനസ്സിൽ പ്രതിഫലനം സൃഷ്ടിക്കാൻ പോന്നതാണ്. അന്ധമായ ചർച്ചകളും വിമർശനങ്ങളും സംവാദങ്ങളും കൊട്ടിഘോഷിക്കുന്ന ചാനൽ സംസ്കാരത്തിൽ അകപ്പെട്ട പുതുതലമുറക്ക് ഇത്തരം തുറന്ന സംസാരങ്ങൾ പകർന്നു നൽകുന്ന അറിവും അനുഭവങ്ങളും സവിശേഷമാണ്. കർമമണ്ഡലങ്ങളിൽ പരാജിതരായ മുസ്‌ലിം നാമധാരികൾ വരെ ഇതര മതക്കാരായ സഹോദരങ്ങളുടെ ഇടപെടലുകളും പള്ളിപ്രവേശവും അടച്ചാക്ഷേപിക്കാറുണ്ട്. എന്നാൽ ഇത്തരം അപ്രതീക്ഷിതമായ ഇടപെടലുകൾ കൊണ്ട് ഉടലെടുക്കുന്ന തിരിച്ചറിവുകളാണ് പിന്നീട് വലിയ മാറ്റൊലികൾക്ക് കാരണമാകുന്നതെന്ന് തിരിച്ചറിയണം. പതിവിൽനിന്നും തികച്ചും വ്യത്യസ്തമായ അനുഷ്ഠാന കർമങ്ങൾക്ക് സാക്ഷ്യം വഹിച്ച പ്രസ്തുത കുടുംബത്തിലെ ഓരോരുത്തർക്കും സംതൃപ്തിയും സമാധാനവും ആത്മവിശ്വാസവും വർധിക്കുന്നതിന്റെ മനോവികാരം അഭിമുഖത്തിലുടനീളം വ്യക്തമാണ്. ഇതുതന്നെയാണ് മഹത്തായ ഉറവിടത്തിന്റെ പിൻബലമുള്ള അനുഷ്ഠാനങ്ങളുടെ വ്യതിരിക്തതയും. കേവലം ഐഹിക രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി തങ്ങളുടെ സംഘടനകളുടെ വലുപ്പവും വിശ്വാസ്യതയും ജനങ്ങളെ ബോധ്യപ്പെടുത്താൻ 'മുസ്‌ലിം' എന്ന നാമത്തെയും ലക്ഷ്യബോധത്തെയും മറന്ന് സഹോദര സംഘടനകളുടെ പച്ചമാംസം ഭക്ഷിക്കുന്ന സെമിനാറുകളും സിമ്പോസിയങ്ങളും എന്തിനു പറയുന്നു ചാനൽ പരമ്പരകൾ വരെ ആവിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ്, യഥാർഥത്തിൽ ഇത്തരം മൂല്യവത്തായ ഇസ്‌ലാമിക സന്ദേശങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് വിലങ്ങായി നിലകൊള്ളുന്നത്. ഇത്തരം ആളുകൾക്കുള്ള ശക്തമായ താക്കീതു കൂടിയാണ് അഭിമുഖം. ആശയസമ്പുഷ്ടമായ ആയിരം സമ്മേളനങ്ങളേക്കാൾ ഉപകരിക്കുക ഒരു പക്ഷേ ഇത്തരം അനുഭവസമ്പന്നമായ ഒറ്റപ്പെട്ട സംഭവങ്ങളാണ്.

**കെ.പി ഷരീഫ് മാറഞ്ചേരി**
**റാസൽഖൈമ**

# ബനാത്ത്‌വാല അറിഞ്ഞതും മുനീര്‍ കാണാത്തതും

"**മതത്തില്‍** നിന്നാണ് ഞങ്ങളുടെ രാഷ്ട്രീയ ചിന്ത വികസിച്ചത്. ഖുര്‍ആന്‍ അല്ലാത്ത മറ്റേതൊരു വ്യവസ്ഥ(രാഷ്ട്രീയ മടക്കം)യില്‍നിന്ന് സ്വീകരിക്കുന്ന ചിന്തകളെല്ലാം സത്യനിഷേധമാകുന്നു.

....ആധ്യാത്മികതയെയും ലൗകികതയെയും വേര്‍പെടുത്താത്ത അഭേദ്യമായ ഒരേകതയായി ജീവിതത്തെ ഇസ്‌ലാം കാണുന്നു. ദൈവത്തിനും സീസറിനുമിടയില്‍ വിഭജനമൊന്നുമില്ല. കാരണം, ഇസ്‌ലാം സീസറിനെ അംഗീകരിക്കുന്നില്ല. പരമാധികാരം അല്ലാഹുവിന് മാത്രമാകുന്നു. മറ്റാര്‍ക്കുമില്ല. ഭൂമിയിലെ ദൈവിക പ്രതിനിധി മാത്രമാകുന്നു മനുഷ്യര്‍. ദൈവത്തിന്റെ പരമാധികാരം സ്വതന്ത്രവും അഭേദ്യവും ശാശ്വതവും സമഗ്രവുമാകുന്നു... ജീവിതത്തിന്റെ നൈതിക, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിലെല്ലാം അവനാകുന്നു സര്‍വാധികാരി. അവന്റെ കല്‍പനയാകുന്നു പരമമായ നിയമം... ദൈവം മാത്രമാകുന്നു പരമമായ നിയമദാതാവ്."

മൗലാനാ ആസാദിനെ ഉദ്ധരിച്ച് മുസ്‌ലിം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റായിരുന്ന മര്‍ഹൂം ജി.എം ബനാത്ത്‌വാല യൂത്ത് ലീഗിന്റെ ജിഹ്വയായ *തൂലിക*യില്‍ എഴുതിയ വരികളാണ് മേലുദ്ധരിച്ചത് (2006 ഏപ്രില്‍). ജമാഅത്തെ ഇസ്‌ലാമിക്കെതിരെ രൂക്ഷവിമര്‍ശനം അഴിച്ചുവിടുന്ന എം.കെ മുനീര്‍ ഈ ജിഹ്വയുടെ പ്രിന്ററും പബ്ലിഷറും ആണെന്നും ഓര്‍ക്കുക.

നിലവിലെ പണാധിപത്യത്തിനും ഉദ്യോഗസ്ഥ മേധാവിത്വത്തിനും വഴിമാറിയ ജനാധിപത്യത്തിന് പകരമായി ദൈവാധിപത്യത്തിന് വിധേയമായ ജനപ്രാതിനിധ്യ വ്യവസ്ഥയെ ഖുര്‍ആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തില്‍ പരിചയപ്പെടുത്തിയ മൗദൂദിയുടെ ചിന്തകളും, ആദരണീയനായ ബനാത്ത്‌വാലയുടെ മേലുദ്ധരിച്ച ചിന്തകളും എവിടെയാണ് വേര്‍തിരിയുന്നതെന്ന് എം.കെ മുനീര്‍ സൂചിപ്പിച്ചാല്‍ കൊള്ളാം.

ഇന്ത്യന്‍ സാഹചര്യത്തില്‍ ഇസ്‌ലാമിക ഭരണത്തിന് എന്ത് പ്രസക്തിയാണെന്ന് വിലപിക്കുന്ന മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി, മക്കയില്‍ ന്യൂനാല്‍ ന്യൂനപക്ഷമായിരിക്കുമ്പോള്‍ ഇസ്‌ലാമിന്റെ രാഷ്ട്രീയ വശത്തെ പൂഴ്ത്തിവെക്കുകയാണോ അതോ വെളിപ്പെടുത്തുകയാണോ ഖുര്‍ആനും പ്രവാചകനും ചെയ്തതെന്ന് വ്യക്തമാക്കണം.

ഇസ്‌ലാമിന്റെ പ്രായോഗിക രാഷ്ട്രീയ ചിന്തകള്‍ പ്രചരിപ്പിച്ച ശൈഖുല്‍ ഇസ്‌ലാം ഇബ്നു തൈമിയ്യ, സയ്യിദ് റശീദ് രിദാ, സയ്യിദ് സുലൈമാന്‍ നദ്‌വി, ശൈഖ് അബ്ദുര്‍റഹ്മാന്‍ ഖാലിഖ്, യൂസുഫുല്‍ ഖറദാവി, മൗലാനാ ആസാദ്, മഹാകവി അല്ലാമാ ഇഖ്ബാല്‍ തുടങ്ങിയവരെയും മൗദൂദിയോടൊപ്പം തള്ളിപ്പറയാന്‍ വിമര്‍ശകര്‍ തയാറാവുമോ? ഇവരുടെ ആശയങ്ങളും ഉട്ടോപ്യന്‍ ആശയമാണെന്ന് അഭിപ്രായമുണ്ടോ?

ഇന്ത്യയില്‍ ഇസ്‌ലാമിന്റെ വിശ്വമാനവികതയില്‍ അധിഷ്ഠിതമായ രാഷ്ട്രീയം അവതരിപ്പിക്കുമ്പോള്‍ ആദിവാസി, ദലിത്, പരിസ്ഥിതി, സാമ്രാജ്യത്വ വിഷയങ്ങളില്‍ ഒരു ആദര്‍ശ പ്രസ്ഥാനമെന്ന നിലക്ക് ജമാഅത്തെ ഇസ്‌ലാമിക്ക് ഇടപെടേണ്ടിവരും. സങ്കുചിത രാഷ്ട്രീയ പ്രയോക്താക്കള്‍ക്ക് ഇസ്‌ലാമിന്റെ രാഷ്ട്രീയ വശങ്ങളെ വിഴുങ്ങേണ്ട ഗതികേടുകൊണ്ടാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിനു നേരെ ആക്ഷേപശരങ്ങള്‍ ഉതിര്‍ക്കേണ്ടിവരുന്നത്. ആത്മാര്‍ഥത, സത്യസന്ധത, സൂക്ഷ്മത എന്നിവയില്‍ അധിഷ്ഠിതമായ വിമര്‍ശനത്തിന്റെ ഇസ്‌ലാമിക രീതിശാസ്ത്രം എപ്പോഴാണാവോ നമ്മുടെ മതസംഘടനകളും രാഷ്ട്രീയ സംഘടനകളും സ്വായത്തമാക്കുക?

**വി. ഹശ്ഹാശ് കണ്ണൂര്‍ സിറ്റി**

---

## ടി.കെ ആലുവയും 'എഡ്മാകും'

**ഏപ്രില്‍** 4 മുതല്‍ മെയ് 23 വരെ എട്ട് ഭാഗങ്ങളില്‍ *പ്രബോധനം* വാരികയില്‍ റശാദ് ആലുവ എഴുതിയ 'കനല്‍ പഥങ്ങളില്‍ കാലിടറാതെ' എന്ന ടി.കെ മുഹമ്മദ് ആലുവയുടെ ആത്മകഥ വായിച്ചു. ചെറുതും വലുതുമായ ഒരുപിടി കാര്യങ്ങളിലൂടെ ഇളംതലമുറയിലെ പ്രസ്ഥാന പ്രവര്‍ത്തകര്‍ക്ക് ഊര്‍ജം പകരാന്‍ ആത്മകഥയിലൂടെ ലേഖകന് സാധിച്ചിട്ടുണ്ട്.

ലേഖകന്‍ പരാമര്‍ശിക്കാതെ പോയ രണ്ട് കാര്യങ്ങള്‍ സൂചിപ്പിക്കുന്നു. ടി.കെയുടെ പ്രവര്‍ത്തനങ്ങളില്‍ വിട്ടുപോകാന്‍ പാടില്ലാത്ത ഒന്നായിരുന്നു എഡ്മാകിന് (എറണാകുളം ജില്ലാ മുസ്‌ലിം അസോസിയേഷന്‍ ഖത്തര്‍) വേണ്ടിയുള്ള അദ്ദേഹത്തിന്റെ സേവനങ്ങള്‍. 22 വര്‍ഷത്തിലേറെയായി ഖത്തറില്‍ പ്രവര്‍ത്തിക്കുന്ന എറണാകുളം ജില്ലക്കാരുടെ ഒരു കൂട്ടായ്മയാണ് എഡ്മാക്. എഡ്മാക്കിന് ബീജാവാപം നല്‍കിയത് 1987ല്‍ മര്‍ഹൂം ഡോ. മുഹ്‌യിദ്ദീന്‍ ആലുവായിയാണ്. അദ്ദേഹത്തിന്റെ തന്നെ നേതൃത്വത്തില്‍ രൂപംകൊണ്ട ആലുവ ചാലക്കലില്‍ അസ്ഹറുല്‍ ഉലൂമിന്റെ കോമ്പൗണ്ടില്‍ തന്നെയാണ് എഡ്മാകിന്റെ നാട്ടിലെ അമല്‍ ചാരിറ്റബ്ള്‍ ട്രസ്റ്റ് 'നോളേജ് വില്ലേജ് കൊച്ചി' എന്ന വിപുലമായ വിദ്യാഭ്യാസ സമുച്ചയം ആരംഭിക്കുന്നത്.

മര്‍ഹൂം ടി.കെ മുഹമ്മദ് സാഹിബ് എഡ്മാക്കിന്റെ പ്രഥമ ഹൈപവര്‍ കമ്മിറ്റി ചെയര്‍മാനും അമല്‍ ചാരിറ്റബ്ള്‍ ട്രസ്റ്റിന്റെ ട്രസ്റ്റിയും ആയിരുന്നു. എഡ്മാകിന് ടി.കെയുടെ സേവനം മറക്കാവതല്ല. അല്ലാഹു പരേതന്റെ പ്രവര്‍ത്തനങ്ങള്‍ സ്വാലിഹായ അമലായി സ്വീകരിക്കുമാറാകട്ടെ-ആമീന്‍.

**വി.എച്ച് അബ്ദുല്‍ മജീദ്, എഡ്മാക് പ്രവര്‍ത്തകസമിതിയംഗം, ദോഹ, ഖത്തര്‍**

---

## മഴവില്‍ സമൂഹത്തിന്റെ രീതിശാസ്ത്രം

**ബഹുസ്വരത** ഇസ്‌ലാമിന്റെ സ്വത്വപരമായ ഗുണമാണ്. അതുകൊണ്ടുതന്നെ സമകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ കാലത്തിന്റെ തേട്ടമനുസരിച്ച് ചിന്താരംഗത്തും പ്രായോഗിക രംഗത്തും പുനര്‍വിചിന്തനങ്ങള്‍ നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദര്‍ഭത്തില്‍ പ്രസക്തമായ വിഷയമാണ്, ഇസ്‌ലാം എങ്ങനെ വൈവിധ്യങ്ങളുടെ സംയോജനമാവുന്നു എന്നത്.

വൈജാത്യങ്ങളെ ഉള്‍ക്കൊണ്ടേ ഇസ്‌ലാം അതിന്റെ സാമൂഹിക വ്യവസ്ഥിതി നിലവില്‍ വരുത്തൂ എന്നുള്ളതിന് നല്ല ഉദാഹരണം മദീന രാഷ്ട്രം തന്നെ. വ്യത്യസ്ത ധാരകള്‍ സംയോജിച്ച മാതൃകാ രാഷ്ട്രമായിരുന്നു മദീനാ മുനവ്വറ. എന്നാല്‍ സങ്കുചിതത്വം കൈമുതലാക്കിയ ജാഹിലിയ്യാ ശക്തികള്‍ (ഇന്നത്തെ പടിഞ്ഞാറന്‍ സെക്യുലരിസം) ഈ മഴവില്‍ സമൂഹത്തെ നിഷ്പ്രഭമാക്കാന്‍ ശ്രമിച്ചു. ചരിത്രത്തില്‍ ഈ സവിശേഷ സന്ദര്‍ഭത്തില്‍ മതവൈജാത്യങ്ങളുടെ നിലനില്‍പിനും സുരക്ഷക്കും വേണ്ടിയുള്ള കലഹമായിരുന്നു ബദ്ര്‍.

വൈജാത്യങ്ങളെ ഉള്‍ക്കൊള്ളുന്നതോടൊപ്പം ഇസ്‌ലാം അതിന്റെ ആദര്‍ശവും ലക്ഷ്യവും ശക്തമായി ലോകത്ത് സമര്‍പ്പിക്കുന്നുണ്ട്. ഈ ആദര്‍ശവും ലക്ഷ്യവും തെരഞ്ഞെടുക്കാനും നിഷേധിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യന് നല്‍കുന്നതിലൂടെയാണ് ഇസ്‌ലാം അതിന്റെ മഴവില്‍ സ്വഭാവം പ്രകടിപ്പിക്കുന്നത്.

**ഇന്‍സാഫ് പതിമംഗലം**